## സി.ജെ യുടെ നാടകലോകം

സി.ജെ. തോമസിന്റെ നാടകപ്രവർത്തനങ്ങളിൽ മൗലികകൃതികളോടൊപ്പം തന്നെ പ്രാധാന്യം വിവർത്തനങ്ങൾക്കുമുണ്ട്. മറ്റു ഭാഷകളിൽ നിന്ന് നാടകങ്ങളിൽ മലയാളത്തിലേക്കു പരിഭാഷപ്പെടുത്തുമ്പോൾ രണ്ടു ലക്ഷ്യം സിജെയ്ക്കുണ്ടായിരുന്നു. ഒന്ന്, ഉത്കൃഷ്ടനാടകങ്ങളെ മലയാളിക്കു പരിചയപ്പെടുത്തുക; രണ്ട്, തന്റെ നാടകദർശനത്തിനനുസരിച്ച ഉദാഹരണങ്ങളെ കണ്ടെത്തി മലയാളത്തിൽ അവതരിപ്പിക്കുക. സി.ജെ.യുടെ നാടകങ്ങളെത്തന്നെ ഈ വിശ്വോത്തരകൃതികൾ പരോക്ഷമായി സ്വാധീനിച്ചിട്ടുണ്ട്. വിവർത്തനും സി.ജെയ്ക്ക് സർഗ്ഗാത്മകമായൊരു നാടക പ്രവർത്തനമായിരുന്നു. ആന്റിഗണി, ഈഡിപ്പസ്, ലിസിസ്ട്രാറ്റ എന്ന മൂന്ന് യവനനാടകങ്ങളും ഇബ്സന്റെ ഭൂതവും ആണ് സി.ജെ.യുടെ മുഖ്യമായ വിവർത്തനകൃതികൾ. പൂമ്പാറ്റ, ഉറുമ്പ്, ഈയാമ്പാറ്റകൾ എന്നിവയൊക്കെ കഥാപാത്രങ്ങളായ കീടജന്മവും, പിശുക്കന്റെ കല്യാണവും ഈ ഗണത്തിൽപ്പെടുന്നവ തന്നെ. സ്വതന്ത്രാനുവാദവും വിവർത്തനവുമായി ആറ് വിദേശനാടകങ്ങൾ സി.ജെ. മലയാളിക്കു പരിചയപ്പെടുത്തിയിട്ടുണ്ട്.

ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യത്തെ ദശകങ്ങളിൽ തിങ്ങിനിറഞ്ഞ സദസ്സിനു മുൻപിലാണ് സംഗീതനാടകങ്ങൾ അവതരിപ്പിച്ചിരുന്നത്. ഒരു ഗ്രാമത്തിന്റെ മുഴുവൻ ഉത്സവമായിരുന്നു നാടകാവതരണം. ഈ പൊതുസദസ്സാണ് സംഗീതനാടകത്തിന്റെ ചരിത്രപരമായ സംഭാവന. ഭക്തിയിലാരംഭിച്ച് സാമൂഹ്യവിഷയങ്ങളിലൂടെ ദേശീയ ചിന്തയിലെത്തുന്ന ഒരു ബോധമണ്ഡലം സൃഷ്ടിച്ചെടുക്കാൻ സംഗീതനാടകങ്ങൾ വലിയ പങ്ക് വഹിച്ചു. ഇവ ഉഴുതുമറിച്ച വളക്കൂറുള്ള മണ്ണിലാണ് നവോത്ഥാന നാടകങ്ങളുടെ വിത്ത് വീണത്. അവ സൃഷ്ടിച്ച ഉത്പതിഷ്ണുത്വമാണ് കന്യകമാരെ കാത്ത് നിൽക്കുന്ന വൃദ്ധന്മാരെ പിക്കറ്റ് ചെയ്യാൻ യുവാക്കളെ പ്രാപ്തരാക്കിയത്. അപ്പോഴതാ പാട്ടവും വാരവുമായി ജന്മി മുമ്പിൽ. കൂട്ടുകൃഷിയും പാട്ടബാക്കിയും നമ്മളൊന്നും അരങ്ങത്തെത്തിയതോടെയാണ് സമൂഹത്തിൽ നിലനിൽക്കുന്ന വർഗ്ഗവിഭജനത്തിന്റെ വിശകലനങ്ങളുണ്ടാകുന്നത്. 'ചുവന്ന നാടകങ്ങൾ' ഉദയം ചെയ്യുന്നതെങ്ങനെയാണ്.

പുതുതായി ആരംഭിച്ച വിദ്യാലയങ്ങളും വായനശാലകളും ഈ നാടകസംസ്കാരത്തെ പൂർണ്ണമായ അർത്ഥത്തിൽ ജനകീയമാക്കി. കാവുകളിലും കൂത്തമ്പലങ്ങളിലും ജന്മിഗൃഹങ്ങളിലും നിന്ന് അരങ്ങുകൾ പൊതുവേദികളിലേക്കും തുടർന്നു പൊതുവേദികളിലേക്കും തുടർന്നു ജനഹൃദയങ്ങളിലേക്കും മാറി. ഇതിന്റെ ഫലമായി മറ്റൊരിക്കലുമുണ്ടായിട്ടില്ലാത്ത ഉണർവ്വ് നാടകവേദിക്കു കൈവന്നു. നാടകങ്ങളുടെ ഈ വേലിയേറ്റത്തിനിടയിലാണ് വെറും വിനോദോപാധി എന്നതിനപ്പുറം നാടകത്തെ ഗൗരവമായി കാണുന്ന പുതിയൊരു പ്രസ്ഥാനം രൂപപ്പെട്ടത്. വിദേശസാഹിത്യകൃതികളെ മലയാളിക്കു പരിചയപ്പെടുത്തിയ എ. ബാലകൃഷ്ണപിള്ള ഇതിന്റെ മുൻപന്തിയിലുണ്ടായിരുന്നു. 'ഗൗരവപൂർണ്ണവും മൗലികവുമായ ഏതെങ്കിലുമൊരു ജീവിതപ്രശ്നത്തെ യാഥാർത്ഥ്യ ബോധമത്തോടെ വിശകലനം ചെയ്യുന്നതിനു വേണ്ടിയാണ് ശ്രീ എൻ. കൃഷ്ണപിള്ള ഭഗ്നഭവനം, കന്യക തുടങ്ങിയ നാടകങ്ങൾ രചിച്ചത്. ഇബ്സന്റെ നാടകങ്ങൾ അദ്ദേഹത്തിന് പ്രചോദനവുമായിരുന്നു. ഇതിന്റെ തുടർച്ചയായിട്ടാണ് സി.ജെ. രംഗപ്രവേശനം ചെയ്യുന്നത്. ഉയരുന്ന യവനികയിൽ വിവരിക്കുന്ന നാടകദർശനത്തിന് രൂപം നൽകുകയുംഅവയെ വിശദീകരിക്കുന്നതിന് സ്വയം നാടകങ്ങൾ രചിക്കുകയാണ് സി.ജെ. ചെയ്തത്. ഈ ലക്ഷ്യത്തെ മുൻനിർത്തിയാണ് സി.ജെ. നാടകങ്ങളെ വിവർത്തനം ചെയ്തത്. കേരളീയ രംഗവേദിക്ക് ഗൗരവമായ ലക്ഷ്യബോധം നൽകുന്നതിനുതകുന്ന കൃതി ശ്രദ്ധേയമായത് ഇബ്സന്റെയും, സോഫോക്ലിസ്സിന്റെയും കൃതികളാണ്.

### സ്ത്രീനാടകം

അവസാനകാലത്ത്, രോഗത്തിനടിമപ്പെട്ടുകൊണ്ടിരിക്കുമ്പോഴാണ് സി.ജെ. അരിസ്റ്റോഫനീസിന്റെ ലിസിസ്ട്രാറ്റ പരിഭാഷപ്പെടുത്തിയത്. എഴുതിയശേഷം രണ്ടാമതൊന്ന് വെട്ടിത്തിരുത്താനോ മറ്റു നാടകങ്ങൾക്കെന്നപോലെ പഠനരൂപത്തിലൊരു ആമുഖം എഴുതാനോ സി.ജെ.യ്ക്ക് സമയം ലഭിച്ചില്ല. തന്റെ നാടകചിന്തകൾ പരിപക്വമായ ഒരു കാലത്ത് ലിസിസ്ട്രാറ്റ പോലുള്ള ഒരു കോമഡി പരിഭാഷപ്പെടുത്താൻ സി.ജെ. തുനിഞ്ഞത് കൗതുകകരമായി തോന്നാം. യവന നാടകകൃത്തുക്കളിൽ പ്രശസ്തനാണ് അരിസ്റ്റോഫനീസ് (ബി.സി. 444) 37 വർഷം നാടകോത്സവത്തിനുവേണ്ടി നാൽപതോളം ഹാസ്യനാടകങ്ങൾ

ഇദ്ദേഹം രചിച്ചിട്ടുണ്ട്. പതിനൊന്നെണ്ണമെ അവശേഷിച്ചുട്ടുള്ളൂ. അതിലൊന്നാണ് ലിസിസ്ട്രാറ്റ. നായിക യുടെ പേരാണത്. 'സൈന്യത്തെ പിരിച്ചു വിടുന്നവൾ' എന്നാണ് ലിസിസ്ട്രാറ്റ എന്ന പദത്തിനർത്ഥം.

അരിസ്റ്റോഫനീസിന്റെ പല നാടകങ്ങളും യുദ്ധവിരുദ്ധ വികാരം ജനിപ്പിക്കുവാൻ വേണ്ടി എഴുത പ്പെട്ടവയാണ്. അദ്ദേഹത്തിന് 20വയസ്സുള്ളപ്പോൾ തുടങ്ങിയതാണ് പൊലോപ്പൊനീഷ്യൻ യുദ്ധം. 29 കൊല്ലം അത് നീണ്ടു നിന്നു. ആഥൻസും സ്പാർട്ടയും തമ്മിലാണ് യുദ്ധം. ദീർഘകാലത്തെ ഈ യുദ്ധം നാടിന്റെ സമാധാനത്തെ തകർത്തു. ജനജീവിതത്തെ താറുമാറാക്കി. പുരുഷന്മാർ യുദ്ധരംഗത്തും സ്ത്രീകൾ വീടു കളിലും. യുദ്ധം അവസാനിപ്പിക്കുന്നതിന് നയതന്ത്രതലത്തിൽ നടത്തിയ ശ്രമങ്ങൾ നിരന്തരമായി പരാജ യപ്പെടുകയും യുദ്ധം നീണ്ടുപോകുകയും ചെയ്യുന്നു. ഏത് യുദ്ധത്തിലും വലിയ കെടുതികൾ അനുഭവി ക്കുന്നത് സ്ത്രീകളും കുട്ടികളുമാണ്. ഗതികെട്ട സ്ത്രീകൾ ലിസിസ്ട്രാറ്റയുടെ നേതൃത്വത്തിൽ യുദ്ധം അവസാനിപ്പിക്കാൻ രംഗത്തെത്തുന്നു. വിചിത്രമാണ് അവർ തെരെഞ്ഞെടുക്കുന്ന സമരരീതി. രണ്ടു രാജ്യ ങ്ങളിലും പെട്ട സ്ത്രീകൾ പ്രതിജ്ഞയെടുക്കുന്നു-യുദ്ധം അവസാനിക്കുന്നതുവരെ തങ്ങളുടെ പുരുഷ ന്മാരുമായി സഹശയനം ചെയ്യുകയില്ലെന്നാണ് പ്രതിജ്ഞ. അണിഞ്ഞൊരുങ്ങി ഭർത്താക്കൻമാരുടെ വികാരം ഉണർത്തിയ ശേഷം അവരുമായി സഹകരിക്കാതിരുന്നാൽ പുരുഷന്മാർ യുദ്ധം അവസാനിപ്പിക്കും എന്ന് ലിസിസ്ട്രാറ്റ അവരെ ഉപദേശിക്കുന്നു. സമരത്തെ ന്യായീകരിച്ച് ലിസിസ്ട്രാറ്റ മജിസട്രേറ്റിനോട് പറയു ന്നതിതാണ്- "ഈ യുദ്ധം നടന്നുകൊണ്ടിരുന്ന ദീർഘകാലം മുഴുവൻ നിങ്ങൾ പുരുഷന്മാർ ചെയ്യുന്നതെല്ലാം വിനയപൂർവ്വം ഞങ്ങൾ സഹിച്ചു. ഞങ്ങൾ വാ തുറന്നൊരക്ഷരം ഉരിയാടിയില്ല. കാര്യ ങ്ങൾ എങ്ങനെയാണ് പോകുന്നതെന്നറിവുണ്ടായിരുന്നതുകൊണ്ട് ഞങ്ങൾ വളരെയേറെ അതൃപ്തരാ യിരുന്നു. സുപ്രധാനമായ ഓരോ സംഭവഗതിയും നിങ്ങൾ വീടുകളിൽ വെച്ച് ചർച്ച ചെയ്യുന്നത് ഞങ്ങൾ കേൾക്കാറുണ്ട് അപ്പോഴെല്ലാം ഹൃദയത്തിൽ വ്യസനവും ചുണ്ടിൽ പുഞ്ചിരിയുമായി ഞങ്ങൾ ചോദിക്കും. 'ഇന്നത്തെ അസംബ്ലിയിൽ നിങ്ങൾ വോട്ട് ചെയ്തത് സമാധാനത്തിനാണോ' എന്ന്. നീ നിന്റെ പാട് നോക്കെടി എന്നായിരിക്കും' അതിനു ഭർത്താവിന്റെ മറുപടി. ഈ നില തുടരാതിരിക്കാനാണ് ഞങ്ങൾ ഈ നിലപാടെടുക്കുന്നത്."

'ലൈംഗികഹർത്താൽ' എന്ന സ്ത്രീകളുടെ പുതിയ സമരരീതി വിജയിച്ചു. ചർച്ചകളിലൂടെ യുദ്ധം അവസാനിച്ചു. സ്ത്രീശാക്തീകരണത്തെപ്പറ്റി രണ്ടായിരത്തിയഞ്ഞൂറ് വർഷം മുൻപുണ്ടായ നാടകമാണി ത്. അതും യുദ്ധത്തിനെതിരായ നാടകം. തന്റെ നാട്ടുകാർക്കും ഇതൊന്ന് പരിചയപ്പെടുത്തണമെന്ന് സി. ജെയ്ക്ക് തോന്നിയത് സ്വതസിദ്ധമായ കുസൃതി കൊണ്ട് മാത്രമല്ല; സ്ത്രീനാടകവും സമാധാനവും ഇവി ടെയും ആവശ്യമാണെന്ന് ബോദ്ധ്യമുണ്ടായിരുന്നതുകൊണ്ട് കൂടിയാണ്. ഇത് പരിഭാഷപ്പെടുത്തിയതിന് ശേഷമുള്ള അമ്പത് വർഷത്തെ സംഭവങ്ങൾ ഇതിന്റെ സാംഗത്യത്തെ ദൃഢപ്പെടുത്തുന്നു.

മോളിയരുടെ നാടകത്തിന്റെ സ്വതന്ത്രാവിഷ്കാരമാണ് പിശുക്കന്റെ കല്യാണം. ഒരു തരത്തിൽ ഇതുമൊരു പരിഹാസകൃതിയാണ്. വിദേശനാടകമെന്ന പ്രതീതി ഇല്ലതെയാക്കാൻ കഥാപാത്രങ്ങളും പേരും പശ്ചാത്തലവുമൊക്കെ മലയാളീകരിച്ചിരിക്കുന്നു. ചെറിയാൻ മാപ്പിളയെന്ന കുടുംബനായകന്റെ പിശുക്കും വാർദ്ധക്യത്തിൽ തോന്നുന്ന കല്യാണമോഹവുമാണ് ചിരിക്ക് വക നൽകുന്നത്. മകനും മകളും വ്യത്യ സ്തമായി പ്രതികരിക്കയും പിതാവറിയാതെ താന്താങ്ങളുടെ രീതിയിൽ കാര്യങ്ങൾ നടത്തുകയും ചെയ്യു ന്നത് അദ്ദേഹത്തെ കൂടുതൽ അപഹാസ്യനാക്കുന്നു.

രംഗത്തവതരിപ്പിക്കുക എന്ന ലക്ഷ്യബോധത്തോടെയാണ് ഈ രണ്ട് നാടകങ്ങളും സി.ജെ. പരി ഭാഷപ്പെടുത്തിയത്. അതിനുതകുന്ന രീതിയിൽ വൈദേശികച്ചുവ ഒട്ടും തോന്നിക്കാതെയാണ് തർജ്ജമ നിർവ്വഹിച്ചിരിക്കുന്ത്. മോട്ടിക്കുക, തൂണുപോലെ നിൽക്കുക, ചക്കരയരക്കുപോലെ ഒട്ടിക്കൂടിയിരിക്കുക തുടങ്ങിയ തനി നാടൻ പ്രയോഗങ്ങൾ, ഒരു വിദേശ നാടകത്തെ കേരളീയമായ മണ്ണിലേക്ക് പറിച്ചു നടു ന്നു.

തനിക്ക് കാണുവാൻ കഴിഞ്ഞ വിലകുറഞ്ഞ പ്രഹസനങ്ങളും അവയുടെ ഘടനാശില്പങ്ങളും അവയെല്ലാം അരങ്ങേറിപ്പോരുന്ന പ്രത്യേക സമ്പ്രദായങ്ങളും ചേർന്നു സൃഷ്ടിച്ച അന്തഃക്ഷോഭമാണ് എൻ. കൃഷ്ണപിള്ളയെ ഇബ്സന്റെ സങ്കേതത്തിലെത്തിച്ചത് എന്ന് ശ്രീ. ജി. ശങ്കരപിള്ള വിലയിരുത്തിയിട്ടുണ്ട്. ഉയരുന്ന യവനികയിൽ സി.ജെ. യും ഇബ്സന്റെ ആവിർഭാവത്തെ ഇത്തരത്തിൽ വിവരിക്കുന്നുണ്ട്- മോളി യെരുടെ വികൃതമായ അനുകരണങ്ങളിൽ നിന്ന് ഇബ്സന്റെ ഭാവാത്മകനാടകങ്ങിലേക്കുള്ള വലിയ ദൂരം

മലയാളത്തിൽ എൻ കൃഷ്ണപിള്ള വേഗം നടന്നു തീർത്തു.' സി.ജെ യുടെ ഇബ്സൻ വിവർത്തനത്തെപ്പറ്റിയും ഇതു തന്നെ പറയാം.

കുടുംബജീവിതത്തിന്റെ സങ്കീർണ്ണതകളിലേക്കിറങ്ങി വ്യക്തി അനുഭവിക്കുന്ന സംഘർഷങ്ങളെ തീവ്രതയോടെ അവതരിപ്പിക്കുകയാണ് ഇബ്സൻ ചെയ്തത്. 'പാവക്കൂട്' ഇത്തരത്തിൽ ശക്തമായ ഒരു നാടകമായിരുന്നു. കുടുംബജീവിതം ദുസ്സഹമായപ്പോൾ വീടുവിട്ടിറങ്ങുന്ന നോറയെയാണ് ഇബ്സൻ ആ നാടകത്തിൽ അവതരിപ്പിച്ചത്. പുറത്ത് കടക്കുമ്പോൾ നോറ വലിച്ചടച്ച വാതിലിന്റെ ശബ്ദം യൂറോപ്പിനെയാകെ കിടിലം കൊള്ളിച്ചു എന്നാണ് നിരൂപകന്മാർ എഴുതിയത്. എങ്കിലും ഒരു വിമർശനം ഇബ്സനെതിരെ ഉയർന്നിരുന്നു. വീടിനുള്ളിൽ നിന്ന് തന്നെ പ്രശ്നങ്ങൾ പരിഹരിക്കാൻ നോറ ശ്രമിക്കണമെന്നായിരുന്നു അത്. അതിനുള്ള മറുപടിയാണ് 'ഭൂതം'. ഇതിലെ നായിക മിസ്സിസ്സ് ആൽവിങ് വീടിനുള്ളിൽ എല്ലാം സഹിച്ചു കഴിയുന്നു. ഭർത്താവിന്റെ ദുഷ്പ്രവർത്തികളും താനനുഭവിക്കുന്ന വ്യഥകളും എല്ലാം അവൾ അമർത്തി അനുഭവിക്കുന്നു. പക്ഷേ അവസാനം എല്ലാം തകരുന്നു, ഭീതിദമായ രീതിയിൽ ദുരന്തമവരെ മൂടുന്നു. നോറയുടെ വഴിയോ മിസ്സിസ്സ് ആൽവിങ്ങിന്റെ വഴിയോ ഏതാണ് ശരിയെന്ന് ചോദ്യം പ്രേക്ഷകരെ അലട്ടുന്നു. രണ്ടും ശരിയല്ലെങ്കിൽ പിന്നെന്ത് ചെയ്യണം? എന്ന ചോദ്യം ഉത്തരമില്ലാതെ അവശേഷിക്കുന്നു.

ഇബ്സന്റെ പ്രധാനപ്പെട്ട നാടകങ്ങൾക്ക് മലയാളത്തിൽ പരിഭാഷകൾ ഉണ്ട്-പാവക്കൂട്(ഡോൾസ് ഹൗസ്) കാട്ടുതാറാവ് (വൈൽഡ് ഡക്ക്) ജനദ്രോഹി (എനിമി ഓഫ് ദി പീപ്പിൾ). ഏറ്റവും കോളിളക്കമുണ്ടാക്കിയ ഇബ്സൻ നാടകം ഭൂതം (ഗോസ്റ്റ്) ആണ്. പ്രേതങ്ങൾ എന്ന പേരിൽ കേസരി ബാലകൃഷ്ണപിള്ള ഇത് പരിഭാഷപ്പെടുത്തിയിട്ടുണ്ട്. ഭൂതം എന്നാണ് സി.ജെ. യുടെ പരിഭാഷ. നാടകത്തിന്റെ പേരെന്നപോലെ ഇബ്സന്റെ നാടകകലയുടെ പ്രതീകവുമാണ് ഇത്. 'കാലഹരണം പ്രാപിച്ച വിശ്വാസങ്ങൾക്കും ഇന്നത്തെ പാപകർമ്മങ്ങൾക്കും എല്ലാം പ്രതിനിധീഭവിക്കുന്ന ഭൂതങ്ങൾ ഇബ്സന്റെ പ്രപഞ്ചത്തിൽ മനുഷ്യജീവികളോടൊപ്പം ഇടകലർന്ന് അവരിൽ നിന്ന് തിരിച്ചറിയാനാവാത്തവിധം ജീവിക്കുന്നു-ഭൂതകാലത്തിന്റേതുമാത്രമല്ല, ഭാവിയുടേയും' നിസ്സഹായനായ മനുഷ്യൻ വിധിയുടെ കൈകളിൽ രക്ഷപ്പെടാൻ കഴിയാതെ ഞെരുങ്ങുന്ന കഥയാണ് ഭൂതത്തിൽ ഇബ്സൻ പറയുന്നത്. ഒരു ചരിത്രകാരന്റെ പരിഭാഷയേക്കാൾ അരങ്ങിനിണങ്ങുന്നത് നാടകക്കാരന്റേതായിരിക്കുമെന്ന ചിന്തയാണ് രണ്ടാമതും ഇത് മലയാളിയിലേക്കെത്തിക്കാൻ സി.ജെ.യെ പ്രേരിപ്പിച്ചത്. എങ്കിലും, ഇബ്സൻ തന്റെ നാടകദർശനത്തിനോട് അടുത്തു നിൽക്കുന്നു എന്നതാവും പരിഭാഷയ്ക്കുള്ള മുഖ്യ പ്രചോദനം.

**ദുരന്താവബോധം**

പിശുക്കന്റെ ഹാസ്യത്തിൽ നിന്ന് ഭൂതത്തിന്റെ ഭാവാത്മകതയിലേക്കുള്ള ദൂരം ഭാവുകത്വത്തിനാണ്, അവിടെ നിന്ന് യവനവേദിയുടെ ദുരന്താവബോധത്തിലേക്കുള്ള വളർച്ചയാവട്ടെ നാടകദർശനത്തിന്റേതും. കാലികമായ വളർച്ചയല്ല ഇവിടെ ഉദ്ദേശിക്കുന്നത്. സി.ജെ.യുടേതും മലയാളിയുടെ തന്നെയും ഭാവുകത്വപരിണാമമാണ് വിഷയം. സോഫോക്ലിസ് ആയിരുന്നു നാടകരചനയിൽ സി.ജെ.യുടെ മാതൃക. തീബെൻ നാടകങ്ങളെന്ന സോഫോക്ലിസിന്റെ നാടകത്രയം-ഈഡിപ്പസ് രാജാവ്, കൊളോണസ്സിലെ ഈഡിപ്പസ്, ആന്റിഗണി-ഒരു മഹാവേരുവിന്റെ പതനത്തിന്റെ പല ഘട്ടങ്ങൾ ആവിഷ്കരിക്കുന്നു. പ്രൗഢിയോടെ രാജസിംഹാസനത്തിലിരുന്ന് കുറ്റവിചാരണ ചെയ്യുന്ന ഈഡിപ്പസ് മഹാരാജാവിനെ അവതരിപ്പിച്ചുകൊണ്ടാണ് തുടക്കം. സ്വന്തം പിതാവിനെ കൊല്ലുകയും അമ്മയെ ഭാര്യയാക്കുകയും ചെയ്ത കൊടുംപാപി താൻ തന്നെയാണെന്ന തിരിച്ചറിവോടെ മഹാപതനം തുടങ്ങുന്നു. സ്വയം കണ്ണുകൾ പൊട്ടിച്ച് നിസ്സഹായനായി കൊട്ടാരം വിട്ടിറങ്ങുന്ന ഈഡിപ്പസിന്റെ ദുരന്തത്തിന്റെ വഴി കാണിച്ചുകൊണ്ടാണ് ആദ്യ നാടകം അവസാനിക്കുന്നത്. പുത്രി ആന്റിഗണിയോടൊപ്പം കൊളോണസ്സിൽ ദുരിതത്തിന്റെ ബാക്കിഭാഗം അനുഭവിച്ചു തീർക്കുന്നതാണ് രണ്ടാമത്തെ നാടകത്തിന്റെ കഥാവസ്തു. പിതാവിന്റെ മരണശേഷം കൊട്ടാരത്തിലേക്കു മടങ്ങിയ ആന്റിഗണി സഹോദരനെ സംസ്കരിക്കുന്ന കാര്യത്തിൽ ക്രയോൺ രാജാവിന്റെ സ്വന്തം അമ്മാവന്റെ ആജ്ഞ ധിക്കരിക്കുന്നതും തുടർന്നുണ്ടാകുന്ന ദാരുണമായ അന്ത്യവുമാണ് ആന്റിഗണിയുടെ പ്രതിപാദ്യം. ഇവ മൂന്നും ചേർന്നൊരുക്കുന്ന ദുരന്തം മാനവചരിത്രത്തിലെ മഹാദുരന്തങ്ങളിലൊന്നാണ്.

ഈ നാടകങ്ങൾ മൂന്നും നലയാളിയെ പരിചയപ്പെടുത്തണമെന്ന് സി.ജെ. ആഗ്രഹിച്ചു. 'ഉയരുന്ന യവനിക' യിലെ സൈദ്ധാന്തികപഠനങ്ങൾക്ക് ഇവ ഉദാഹരണങ്ങളാകുമെന്ന് അദ്ദേഹം വിചാരിച്ചിരിക്കണം. ഇവയിൽ മൂന്നാമത്തേതായ ആന്റിഗണി ആണ് ആദ്യമദ്ദേഹം പരിഭാഷപ്പെടുത്തിയത്.

'രണ്ടു വർഷത്തെ പ്രയത്നം കൊണ്ട് തർജ്ജമ ചെയ്തതാണ് ആന്റിഗണി. സി.ജെ. യുടെ സ്വന്തമായ ഒറ്റ നാടകത്തിനും ഇത്ര ബുദ്ധിമുട്ടി പണി എടുത്തിട്ടില്ല. ഗ്രീക്ക് ട്രാജഡിയുടേയും ഗ്രീക്ക് കലകളുടേയും ചൈതന്യവും സത്തയും മനസ്സിലാക്കാൻ ധാരാളം വായിക്കുകയും ചിന്തിക്കുകയും ചെയ്തിട്ടുണ്ട്. ഈഡിപ്പസ് രാജാവിന്റേയും ആന്റിഗണിയുടേയും ദുരന്തവും മാനസികസംഘട്ടനങ്ങളും കഥാനായകനിൽ ലയിച്ചു ചേർന്നു."

അരിസ്റ്റോട്ടിൽ ഉത്തമമെന്ന് വിധിച്ച ഈഡിപ്പസിനെ മാറ്റി നിർത്തി ആന്റിഗണിയെ ആദ്യമെടുത്തതിന്റെ യുക്തി സി.ജെ. നൽകുന്നതിങ്ങനെയാണ്-കലാപരമായി പറഞ്ഞാൽ മറ്റു രണ്ടു നാടകങ്ങളോക്കാൾ താഴെയാണ് ആന്റിഗണി. എന്നിട്ടും മലയാളഭാഷയിൽ ആദ്യമായി അവതരിപ്പിക്കുന്ന നാടകം അതാകട്ടെ എന്നു കരുതിയതിന് കാരണമുണ്ട്. ഒന്നാമത്, ഈ നാടകത്തിലെ സംഘട്ടനം വളരെ എളുപ്പത്തിൽ മനസ്സിലാവുന്ന ഒന്നാണ്. രണ്ടാമത്, 'പുത്ത്' എന്ന സ്വർഗത്തെപ്പറ്റി കേട്ടിട്ടുള്ള ഭാരതീയന് ഏറ്റവുമധികം ഹൃദ്യമായ ഒരു പ്രമേയമാണിതിലുള്ളത്.[1]

സംഘട്ടനത്തെപ്പറ്റിയുള്ള ഈ പരാമർശം വളരെ ശ്രദ്ധേയമാണ്-ഈഡിപ്പസിൽ വില്ലനില്ല, അവിടെ രണ്ടു വ്യക്തികൾ തമ്മിലുള്ള സംഘർഷമില്ല. ഈഡിപ്പസിനെ തോൽപിക്കുന്നത് തന്റെ തന്നെ ദൗർബല്യമോ (ഹാമേർഷ്യ) പ്രതിനായകനോ അല്ല മറിച്ച് വിധിയാണ്. വിധിയുടെ മുമ്പിൽ നിസ്സഹായനായ മനുഷ്യനാണ് ഈഡിപ്പസ്. മൂർത്തമായ പ്രതിയോഗികൾ തമ്മിലല്ല അവിടെ സംഘർഷം. ഇത് സൂക്ഷ്മതലത്തിലുള്ള, ആഴത്തിൽ പതിഞ്ഞ സംഘർഷമാണ്, ഇത് മനസ്സിലാക്കാൻ മലയാളിക്ക് കുറെക്കൂടി സമയം വേണം എന്ന് സി.ജെ ചിന്തിച്ചിരിക്കാം. ആന്റിഗണിയിലെ സംഘർഷം സ്ഥൂലവും മൂർത്തരൂപത്തിലുള്ളതുമാണ്. ക്രയോൺ രാജാവും ആന്റിഗണി എന്ന ഈഡിപ്പസിന്റെ പുത്രിയും തമ്മിലാണ് സംഘർഷം. തന്റെ സഹോദരന് മാന്യമായ സംസ്കാരം നൽകണമെന്നതാണ് അവളുടെ ആവശ്യം. ശത്രുക്കളോടൊപ്പം രാജ്യത്തിനെതിരെ പൊരുതിയതിനാൽ അത്തരം ഒരു സംസ്കാരം അയാൾ അർഹിക്കുന്നില്ല എന്നാണ് രാജാവിന്റെ അഭിപ്രായം. അധികാരവും സാഹോദര്യവും തമ്മിലാണിവിടെ സംഘർഷം. ക്രയോണും ആന്റിഗണിയും ഇതിന്റെ മൂർത്തരൂപങ്ങളുമാണ്. ഇത് മലയാളിക്ക് പെട്ടെന്ന് മനസ്സിലാകുമെന്നതിനാൽ ആദ്യം ആന്റിഗണി പരിഭാഷപ്പെടുത്തുന്നു എന്നാണ് സി.ജെ.യുടെ വിശദീകരണം. മലയാളിയുടെ സംവേദനക്ഷമതയെപ്പറ്റി നേരിയൊരു പരിഹാസം ഇതന്റെ പിന്നിലുണ്ടെന്ന് സംശയിച്ചാൽ തെറ്റില്ല.

ആന്റഗണി പരിഭാഷപ്പെടുത്തുക മാത്രമല്ല, അതഭിനയിക്കുന്നതിനുള്ള വ്യക്തികളെയും അവരണിയേണ്ട വേഷങ്ങളും സി.ജെ. മനസ്സിൽ കോറിയിട്ടു.

അരിസ്റ്റോട്ടിലിനെന്ന പോലെ സി.ജെ.യ്ക്കും ഈഡിപ്പസ്  തന്നെയാണ് മാതൃക. സി.ജെ.യുടെ നാടകങ്ങളിൽ യവനനാടകങ്ങളുടെ സ്വാധീനം കാണാം. കഥാഗതി നിയന്ത്രിക്കുന്ന അന്ധനായ തിറേസിയാസിനെപ്പോലെ ഒരു പ്രവാചകനെ പല നാടകങ്ങളിലും കാണാം. ഉപദേശി(അവൻ വീണ്ടും വരുന്നു) സ്നാപകയോഹന്നാൻ (സലോമി), യോനാഥാൻ (ആ മനുഷ്യൻ നീ തന്നെ) തുടങ്ങിയവരൊക്കെ തിറേസിയാസ്സിന്റെ മലയാളിപ്പതിപ്പുകളാണ്-സർപ്പസന്തിതികൾക്കെതിരെ ഗർജ്ജിക്കുകയും വിഷവൃക്ഷങ്ങളെ ദഹിപ്പിക്കുകയും ചെയ്യുന്നവർ. ഈ സാദൃശ്യം, പക്ഷേ, ഉപരിതലത്തിൽ മാത്രമാണ്. സി.ജെ യുടെ ശ്രേഷ്ഠമായ നാടകം യവനസങ്കല്പത്തിൽ നിന്ന് വളരെ ഉയർന്നു നിൽക്കുന്നു. സോഫോക്ലിസ്പോലും അസൂയപ്പെടുന്ന നായകനാണ് സി.ജെയുടെ ദാവീദ് രാജാവ്.

**കാവ്യാത്മകം**

കാവ്യാത്മകവും ധ്വനിസാന്ദ്രവുമാണ് സി.ജെയുടെ ശൈലി. മൂന്ന് സവിശേഷതകൾ അതിനുണ്ട്. -സൂക്ഷ്മത, ധ്വനിസാന്ദ്രത, കാവ്യാത്മകത. ഒരുദാഹരണം കൊണ്ടിത് വ്യക്തമാക്കാം. 'ആ മനുഷ്യൻ നീ തന്നെ' എന്ന നാടകത്തിൽ ബെത്ശേബയോട് ദാവീദ് രാജാവിന്റെ വാക്കുകൾ-തന്റെ വിശ്വസ്ത സൈനികനായ ഉറിയയുടെ പത്നിയാണ് ബെത്ശേബ. അവളിൽ തനിക്ക് ഭ്രമമുണ്ടാകുന്നത് പലതരത്തിൽ പാപ

മാണ്. പരദാരരതി, വിശ്വസ്തനോടുള്ള വഞ്ചന, രാജധർമ്മലംഘനം. പക്ഷേ, മനസ്സിനെ നിയന്ത്രിക്കാൻ തനിക്കാവുന്നില്ല. അവളുടെ സൗന്ദര്യം തന്നെ ഭ്രാന്തുപിടിപ്പിക്കുന്നു. പ്രണയം ഉരുകി ഒഴുകുന്നു. തന്റെ അവസ്ഥ രാജാവ് അവളെ അറിയിക്കുന്നത് ധ്വനിസാന്ദ്രമായ മൂന്നു വാക്കുകളിലാണ്. 'ബെത്ശേബ, എനിക്ക് ജോർദാനെപ്പോലെ ഒഴുകണം.' ഒന്നും അറിയാതെ ഒഴുകണം. മൂർച്ഛയുടെ അനന്തമായ തലത്തിലേയ്ക്കാണ് സ്വയം എത്തുകയാണ് ദാവീദ്. തിരതള്ളിവരുന്ന പുളപ്പ്, ഒഴുക്കിന്റെ ആവേഗം, സർവ്വസ്വാതന്ത്ര്യം ഇതൊക്കെയാണ് ജോർദാന്. തന്റെ പ്രണയം ഇതിലും കാവ്യാത്മകമായി വെളിവാക്കാൻ കഴിയില്ല. അതുകൊണ്ടാണ് രൂപകത്തിൽ പൊതിഞ്ഞ് ഭാവം സി.ജെ. അവതരിപ്പിക്കുന്നത്. ബെത്ശേബയുടെ പ്രതികരണം കൂടിക്കേട്ടാലെ പൂർത്തിയാവൂ.

'അന്നാ, ജോർദാൻ എവിടെയാണ് അവസാനിക്കുന്നത് ?'

വാക്കുകൾകൊണ്ടിതിന്റെ അർത്ഥം വിവരിക്കുക സാധ്യമല്ല. കടപുഴക്കി കുത്തിയൊലിച്ച് പാഞ്ഞടുക്കുന്ന പുഴ. ഓടിയകലാൻ മാർഗ്ഗമില്ല. പുഴയിൽ അമർന്നൊഴുകുകയേ ഗതിയുള്ളൂ.

പക്ഷേ എങ്ങോട്ട്?

'ആ മനുഷ്യൻ നീ തന്നെ' എന്നത് ഒരു ദുരന്തനാടകമാണോ? ആയിരുന്നെങ്കിൽ യോനാഥാന്റെ വെളിപ്പെടുത്തലോടെ നാടകം അവസാനിക്കുമായിരുന്നു. അവസാനിക്കുന്നില്ലെന്ന് മാത്രമല്ല, പാപത്തിന്റെ ഫലത്തിന് മരണം ലഭിക്കുകയും ദാവീദ് പൂർവ്വാധികം ഊർജ്ജസ്വലനാക്കി മാറുകയും ചെയ്തിരിക്കുന്നു. അവസാനരംഗം നാടകദർശനത്തെയാകെ മാറ്റിമറിച്ചിരിക്കുന്നു. ആരൊക്കെ തമ്മിലാണ് ഇവിടെ സംഘർഷം? ആന്റിഗണിയിലേതുപോലെ സ്ഥൂലമായ തലത്തിൽ രണ്ടുവ്യക്തികൾ തമ്മിലല്ല, ഈഡിപ്പസിലെന്നപോലെ സൂക്ഷ്മതലത്തിൽ വ്യക്തിയും വിധിയും തമ്മിലുമല്ല ഇവിടെ സംഘട്ടനമുണ്ടാവുന്നത്. ദാവീദിലെ തന്നെ രണ്ടു സവിശേഷവ്യക്തിത്വങ്ങൾ തമ്മിലാണ് ഏറ്റുമുട്ടൽ. ഇസ്രായേലിന്റെ അഭിഷിക്തനാണ് ദാവീദ്. യഹോവ അദ്ദേഹത്തെ തിരഞ്ഞെടുത്തിരിക്കുന്നു. കിരീടവും ചെങ്കോലും നൽകിയിരിക്കുന്നു. എന്നാൽ മഹാനായ ദാവീദ് രാജാവിന് ഒരു പൂർവ്വാശ്രമം ഉണ്ടായിരുന്നു. കാലികളെ മേയ്ക്കുന്ന, മരുഭൂമിയിൽ അലയുന്ന അജപാലകൻ. ചുണ്ടിൽ ഓടക്കുഴലുമായി മധുരസ്വപ്നമുയർത്തുന്ന ഗായകൻ. പ്രകൃതിയുടെ നിറംമാറ്റങ്ങളിൽ വിസ്മയിക്കുന്ന കവി. കിരീടത്തിൽ പടരുന്ന അധികാരവും ഹൃദയത്തിൽ പതിയുന്ന വേണുനാദവും തമ്മിലാണ് സംഘർഷം. വേണുനാദത്തിന്റെ മൂർത്തമായൊരു പ്രതീകം മാത്രമാണ് ബെത്ശേബ. ഇവരിൽ ആരു ജയിക്കുന്നു എന്നതാണ് നാടകത്തിന്റെ ക്രിയാംശം. സംഘർഷത്തിൽ ഒന്ന് തോൽക്കണം, മറ്റൊന്ന് ജയിക്കണം. അതാണ് യുദ്ധത്തിന്റെ രീതി. ഈഡിപ്പസ് വിധിയുടെ കൈയിൽ തോൽക്കുമ്പോൾ, ആന്റിഗണി രാജാധികാരത്തിനടിയറവ് പറയുമ്പോൾ ദുരന്തമുണ്ടാകുന്നു.

ഈ ദുരന്തത്തെ അതിജീവിക്കാൻ ദാവീദിന് കഴിഞ്ഞു എന്നതാണ് നാടകകൃത്തെന്ന നിലയിൽ സി.ജെ.യുടെ വിജയം. ആരുമിവിടെ തോൽക്കുന്നില്ല. രാജാവും കവിയും വിജയിക്കുന്നു. കവി എന്ന പദം കുറെ കൂടി വിശാലമായ അർത്ഥത്തിലാണ് നാടകത്തിൽ ദാവീദ് ഉപയോഗിക്കുന്നത്. ഞാനാരാണ് എന്ന ദാവീദിന്റെ ചോദ്യത്തിന് രാജാവ്, പരാക്രമി, ഗായകൻ എന്നൊക്കെയാണ് ബെത്ശേബ മറുപടി പറയുന്നത്. രാജാവ് അവളെ തിരുത്തുന്നു.

'പ്രിയപ്പെട്ട ബെത്ശേബ! എന്നെ രാജാവായിക്കാണാതെ. പരാക്രമിയായിട്ടല്ല. കവിയായിട്ടുമല്ല; എന്നെ ഒരു മനുഷ്യനായിക്കൂടിക്കാണൂ."

മനുഷ്യൻ വെറും മനുഷ്യൻ! യോനാഥനാൻ, 'ആ മനുഷ്യൻ നീ തന്നെ' എന്ന് പറയുന്നത് ശാപം പോലെയാണ്: എന്നാൽ നാടകത്തിന് ആ പേരിടുമ്പോൾ 'മനുഷ്യൻ' എന്നതിന് സി.ജെ. ഉദ്ദേശിച്ച അർത്ഥം ദാവീദിനെ വിശദീകരിച്ചതാണ്.

അരിസ്റ്റോട്ടിൽ ആദർശമായെടുത്ത ഈഡിപ്പസിന്റെ ദുരന്തത്തോട് ഭാരതീയമായ നായകോദയമെന്ന ഉദാത്തമായ സങ്കൽപം ചേർത്താണ് സി.ജെ. ദാവീദിനെ സൃഷ്ടിച്ചത്. ഈ പാത്രസൃഷ്ടിയാണ് ദാവീദുനാടകത്തെ ഉൽകൃഷ്ടമാക്കുന്നത്. ഈഡിപ്പസിന്റെ പതനമാണ് യവനനാടകത്തിലെ ദുരന്തബീജം; പതനത്തിൽ നിന്നുള്ള ഉയർത്തെഴുന്നേൽപ്പാണ് ദാവീദിന്റെ വിജയം. അതുകൊണ്ട് വിലാപത്തോടെയല്ല, സങ്കീർത്തനത്തോടെയാണ് സി.ജെ.യുടെ നാടകത്തിന് തിരശ്ശീല വീഴുന്നത്. 'ഉയരുന്ന യവനിക' യിലെ നാടകദർശനം ഉദാത്തതലത്തിലേക്ക് ഉയരുന്നത് ഈ നാടകത്തിലൂടെയാണ്.